**മധുരമായ കുട്ടികളേ– ഈ സംഗമയുഗം ഉത്തമത്തിലും ഉത്തമമായി മാറുന്നതിനുള്ള യുഗമാണ്, ഈ യുഗത്തിൽത്തന്നെയാണ് നിങ്ങൾക്ക് പതിതത്തിൽ നിന്നും പാവന മായി മാറി പാവനലോകം നിർമ്മിക്കേണ്ടത്.**

**ചോദ്യം–** അന്തിമത്തിലെ ഭയാനക ദൃശ്യങ്ങൾ കാണുന്നതിനുള്ള ശക്തി എന്തിന്റെ ആധാരത്തിലാണ് ഉണ്ടാവുക?
**ഉത്തരം–** ശരീരത്തിന്റെ ബോധത്തെ ഇല്ലാതാക്കിക്കൊണ്ടിരിക്കു. അന്തിമത്തിലെ ദൃശ്യങ്ങൾ വളരെ കടുത്തതായിരിക്കും. കുട്ടികളെ ശക്തിശാലിയാക്കുന്നതിനായി അച്ഛൻ അശരീരിയാകുന്നതിനുള്ള സൂചന നൽകുന്നു. എങ്ങനെയാണോ ബാബ ഈ ശരീരത്തിൽ നിന്നും വേറിട്ട് കുട്ടികളെ പഠിപ്പിക്കുന്നത്, അതുപോലെ നിങ്ങൾ കുട്ടികളും സ്വയം ശരീരത്തിൽ നിന്നും വേറിട്ടതാണ് എന്ന് മനസ്സിലാക്കു, അശരീരിയാകുന്നതിനുള്ള അഭ്യാസം ചെയ്യൂ. ബുദ്ധിയിൽ ഉണ്ടാകണം ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം.

**ഓംശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾ ശരീരത്തോടൊപ്പമാണ്. അച്ഛനും ഇപ്പോൾ ശരീരത്തോടൊപ്പമാണ്. ഈ കുതിര അഥവാ വാഹനത്തിൽ സവാരി ചെയ്യുകയാണ് ഒപ്പം കുട്ടികളെ എന്താണ് പഠിപ്പിക്കുന്നത്? ജീവിച്ചിരിക്കെ മരിക്കുന്നത് എങ്ങനെയാണ്, ഇത് ഒരേഒരു അച്ഛനല്ലാതെ മറ്റാർക്കും പഠിപ്പിച്ചുതരാൻ സാധിക്കില്ല. അച്ഛന്റെ പരിചയം മുഴുവൻ കുട്ടികൾക്കും ലഭിച്ചു, ബാബ ജ്ഞാനസാഗരനാണ് പതിതപാവനനാണ്. ജ്ഞാനത്തിലൂടെയാണ് നിങ്ങൾ പാവനമായി മാറുന്നത് ഒപ്പം പാവനലോകവും നിർമ്മിക്കണം. ഈ പതിത ലോകത്തിന്റെ വിനാശം ഡ്രാമ അനുസരിച്ച് നടക്കുക തന്നെ ചെയ്യും. ആരാണോ അച്ഛനെ മനസ്സിലാക്കുന്നത് ബ്രാഹ്മണനായി മാറുന്നത് അവർ മാത്രമാണ് പാവന ലോകത്തിൽ ചെന്ന് രാജ്യം ഭരിക്കുന്നത്. പവിത്രമായി മാറാൻ തീർച്ചയായും ബ്രാഹ്മണനായും മാറണം. ഈ സംഗമയുഗം പുരുഷോത്തമൻ അർത്ഥം ഉത്തമനിലും ഉത്തമനായ ആത്മാവായി മാറുന്നതിനുള്ള യുഗമാണ്. സാധുസന്യാസിമാർ, മഹാത്മാക്കൾ, യോഗി, ധനവാൻ, പ്രസിഡന്റ് മുതലായവരെ ഉത്തമരാണ് എന്ന് പറയാറുണ്ട്. പക്ഷേ അല്ല, ഇതാണെങ്കിൽ കലിയുഗീ ഭ്രഷ്ടാചാരീ ലോകമാണ് പഴയ ലോകമാണ്, പതിത ലോകത്തിൽ പാവനമായി ഒരാൾപോലുമില്ല. ഇപ്പോൾ നിങ്ങൾ സംഗമയുഗിയായി മാറുന്നു. അവരാണെങ്കിൽ പതിത പാവനി ജലമാണ് എന്ന് കരുതുന്നു. കേവലം ഗംഗ മാത്രമല്ല, ഏതെല്ലാം നദികളുണ്ടോ, എവിടെയെല്ലാം വെള്ളം കാണുന്നുവോ, വെള്ളം പാവനമാക്കി മാറ്റുന്നതാണ് എന്ന് കരുതുന്നു. ഇത് ബുദ്ധിയിൽ ഉറച്ചിരിക്കുകയാണ്. ഓരോരുത്തർ എവിടേയ്ക്കെല്ലാമോ പോകുന്നു. അതായത് ജലത്തിൽ സ്നാനം ചെയ്യാനായി പോകുന്നു. പക്ഷേ ജലത്തിലൂടെ ആർക്കും പാവനമാകാൻ സാധിക്കില്ല. അഥവാ ജലത്തിൽ സ്നാനം ചെയ്യുന്നതിനാൽ പാവനമായി മാറുമെങ്കിൽ ഈ സമയത്ത് മുഴുവൻ സൃഷ്ടിയും പാവനമാകുമായിരുന്നു. ഈ എല്ലാവരും പാവനലോകത്തിലുണ്ടാകേണ്ടതായിരുന്നു. ഇത് പഴയ ആചാരം നടന്നുവരികയാണ്. സാഗരത്തിലും അഴുക്കും കുപ്പയും വന്ന് കുമിയുന്നു, പിന്നെ സാഗരം എങ്ങനെ പാവനമാക്കി മാറ്റും? പാവനമായി മാറേണ്ടത് ആത്മാവിനാണ്. ആത്മാവിനെ പാവനമാക്കി മാറ്റാൻ പരമപിതാവ് അത്യാവശ്യമാണ്. അതിനാൽ നിങ്ങൾ മനസ്സിലാക്കിക്കൊടുക്കണം– പാവനമായവർ സത്യയുഗത്തിലും പതിതമായവർ കലിയുഗത്തിലുമാണ് ഉണ്ടാവുക. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിലാണ്. പതിതത്തിൽ നിന്നും പാവനമായി മാറുന്നതിനായി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് അറിയാം മുമ്പ് നമ്മൾ ശൂദ്രവർണ്ണത്തിലുള്ളവരായിരുന്നു, ഇപ്പോൾ ബ്രാഹ്മണവർണ്ണത്തിലേതായി മാറി. ശിവബാബ പ്രജാപിതാ ബ്രഹ്മാവിലൂടെ ആക്കിമാറ്റുന്നു. നമ്മളാണ് സത്യം സത്യമായ മുഖവംശാവലി ബ്രാഹ്മണർ. അവർ ശരീരവംശാവലികളാണ്. പ്രജാപിതാവുണ്ട്, അതിനാൽ എല്ലാവരും പ്രജകളാണ്. പ്രജകളുടെ പിതാവാണ് ബ്രഹ്മാവ്. ബ്രഹ്മാവ് മുതുമുത്തച്ഛനായി. തീർച്ചയായും അവർ ഉണ്ടായിരുന്നു പിന്നീട് എവിടേയ്ക്ക് പോയി? പുനർജന്മം എടുക്കുന്നുണ്ടല്ലോ. ഇതാണെങ്കിൽ കുട്ടികൾക്ക് പറഞ്ഞുതന്നതാണ്, ബ്രഹ്മാവും പുനർജന്മം എടുക്കുന്നുണ്ട്. ബ്രഹ്മാവും സരസ്വതിയും, മാതാവും പിതാവും. അവർ തന്നെയാണ് പിന്നീട് മഹാരാജാ മഹാറാണിയായ ശ്രീ ലക്ഷ്മീ നാരായണന്മാരാകുന്നത്, ഇവരെയാണ് വിഷ്ണു എന്ന് വിളിക്കുന്നത്. ഇവർ തന്നെയാണ് പിന്നീട് 84 ജന്മങ്ങൾക്കുശേഷം വന്ന് ബ്രഹ്മാവും സരസ്വതിയുമായി മാറുന്നത്. ഈ രഹസ്യം മനസ്സിലാക്കിത്തന്നിട്ടുണ്ട്. പറയാറുണ്ട് ജഗദംബ മുഴുവൻ വിശ്വത്തിന്റേയും മാതാവാണ്. ഓരോരുത്തരുടേയും ലൗകിക മാതാവ് അവരവരുടെ വീട്ടിൽ ഇരിക്കുന്നുണ്ട്. പക്ഷേ ജഗദംബയെ ആരും അറിയുന്നില്ല. വെറുതേ അന്ധവിശ്വാസത്തോടെ പറയുന്നു എന്നുമാത്രം. ആർക്കും അറിയില്ല. ആരുടെ പൂജയാണോ ചെയ്യുന്നത് അവരുടെ കർത്തവ്യത്തെ അറിയുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് അറിയാം രചയിതാവാണ് ഉയർന്നതിലും ഉയർന്നത്. ഇത് തല കീഴായ വൃക്ഷമാണ്, ഇതിന്റെ ബീജം മുകളിലാണ്.

അച്ഛന് നിങ്ങളെ പാവനമാക്കി മാറ്റാൻ താഴേയ്ക്ക് വരേണ്ടി വരും. നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ വന്നിരിക്കുകയാണ് നമുക്ക് ഈ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യ രഹസ്യം പറഞ്ഞുതന്ന് വീണ്ടും നമ്മെ ആ പുതിയ സൃഷ്ടിയുടെ ചക്രവർത്തീ രാജാ റാണിയാക്കി മാറ്റുകയാണ്. ഈ ചക്രത്തിന്റെ രഹസ്യത്തെ നിങ്ങൾക്കല്ലാതെ ഈ ലോകത്തിലെ മറ്റാർക്കും അറിയില്ല. അച്ഛൻ പറയുന്നു 5000 വർഷങ്ങൾക്കുശേഷം വീണ്ടും വന്ന് നിങ്ങളെ കേൾപ്പിക്കും. ഈ ഡ്രാമ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്. ഡ്രാമയുടെ നിർമ്മാതാവ്, സംവിധായകൻ, മുഖ്യ അഭിനേതാവ് എന്നിവരേയും ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തേയും അറിയുന്നില്ലെങ്കിൽ അവരെ ബുദ്ധിയില്ലാത്തവർ എന്ന് പറയില്ലേ. അച്ഛൻ പറയുന്നു 5000 വർഷങ്ങൾക്കുമുമ്പും ഞാൻ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ടായിരുന്നു. നിങ്ങൾക്ക് എന്റെ പരിചയം നൽകിയിരുന്നു. എങ്ങനെയാണോ ഇപ്പോൾ നൽകുന്നത് അതുപോലെ. നിങ്ങളെ പവിത്രമാക്കി മാറ്റിയിരുന്നു, എങ്ങനെയാണോ ഇപ്പോൾ മാറ്റുന്നത് അതുപോലെ. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കൂ. ബാബയാണ് സർവ്വശക്തിവാൻ പതിതപാവനൻ. പാട്ടുണ്ട് ആരാണോ അന്ത്യകാലത്ത് ഇന്നയാളെ സ്മരിക്കുന്നത്........... അവർക്ക് അതനുസരിച്ച് ജന്മം ലഭിക്കുന്നു. ഇപ്പോൾ ഈ സമയത്ത് നിങ്ങൾ ജന്മം എടുക്കുന്നുണ്ട് പക്ഷേ പന്നിയും കോഴിയും പട്ടിയും പൂച്ചയുമൊന്നും ആകുന്നില്ല.

ഇപ്പോൾ പരിധിയില്ലാത്ത അച്ഛൻ വന്നിരിക്കുകയാണ്. പറയുന്നു ഞാൻ നിങ്ങൾ എല്ലാ ആത്മാക്കളുടേയും അച്ഛനാണ്. ഇവർ എല്ലാവരും കാമചിതയിൽ ഇരുന്ന് കറുത്തിരിക്കുന്നു, ഇവരെ പിന്നീട് ജ്ഞാനചിതയിൽ കയറ്റണം. നിങ്ങൾ ഇപ്പോൾ ജ്ഞാനചിതയിൽ കയറിയിരിക്കുന്നു. ജ്ഞാനചിതയിൽ കയറിയിട്ട് പിന്നീട് വികാരത്തിലേയ്ക്ക് പോകാൻ സാധിക്കില്ല. പ്രതിജ്ഞ ചെയ്യുന്നു ഞങ്ങൾ പവിത്രമായിരിക്കും. ബാബ സാധാരണ മനുഷ്യരുടെ രാഖിയൊന്നുമല്ല കെട്ടിത്തരുന്നത്. അത് ഭക്തിമാർഗ്ഗത്തിൽ നടന്നുവരുന്ന ആചാരമാണ്. വാസ്തവത്തിൽ അത് ഈ സമയത്തെ കാര്യമാണ്. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് പാവനമായി മാറാതെ എങ്ങനെ പാവനലോകത്തിന്റെ അധികാരിയാകും? എന്നിട്ടും പക്കയാക്കുന്നതിനു വേണ്ടി കുട്ടികളെക്കൊണ്ട് പ്രതിജ്ഞ ചെയ്യിക്കുന്നു. ചിലർ രക്തം കൊണ്ട് എഴുതിത്തരുന്നു, ചിലർ എങ്ങനെയെല്ലാമാണ് എഴുതുന്നത്. ബാബാ അങ്ങ് വന്നിരിക്കുന്നു, ഞങ്ങൾ അങ്ങയിൽ നിന്നും തീർച്ചയായും സമ്പത്ത് നേടും. നിരാകാരൻ സാകാരത്തിൽ വരുന്നില്ലേ. എങ്ങനെ ബാബ പരമധാമത്തിൽ നിന്നും താഴേയ്ക്ക് വരുന്നോ അതുപോലെ നിങ്ങൾ ആത്മാക്കളും താഴേയ്ക്ക് വരുന്നു. മുകളിൽ നിന്നും താഴേയ്ക്ക് വരുന്നത് പാർട്ട് അഭിനയിക്കാനാണ്. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഇത് സുഖ ദുഃഖത്തിന്റെ കളിയാണ്. അരകല്പം സുഖവും അരകല്പം ദുഃഖവുമാണ്. അച്ഛൻ മനസ്സിലാക്കിത്തരുന്നു നാലിൽ മൂന്ന് ഭാഗവും നിങ്ങൾ കൂടുതൽ സുഖമാണ് അനുഭവിക്കുന്നത്. അരകല്പത്തിനുശേഷവും നിങ്ങൾ ധനവാന്മാരായിരുന്നു. എത്ര വലിയ ക്ഷേത്രങ്ങളാണ് ഉണ്ടാക്കിയത്. എപ്പോഴാണോ ഭക്തി തീർത്തും തമോപ്രധാനമായി മാറുന്നത് അപ്പോഴാണ് ദുഃഖം ഉണ്ടാകുന്നത്. അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങൾ ആദ്യം അവ്യഭിചാരീ ഭക്തരായിരുന്നു, കേവലം ഒന്നിന്റെ പൂജയായിരുന്നു ചെയ്തത്. നിങ്ങളെ ദേവതയാക്കി മാറ്റുന്ന, സുഖധാമത്തിലേയ്ക്ക് കൊണ്ടുപോകുന്ന അച്ഛന്റെ പൂജയായിരുന്നു ചെയ്തത് പിന്നീട് വ്യഭിചാരീ ഭക്തി ആരംഭിച്ചു. ആദ്യം ഒന്നിന്റെ പൂജ പിന്നീട് ദേവതകളുടെ പൂജ ചെയ്തു. ഇപ്പോഴാണെങ്കിൽ 5 ഭൂതങ്ങളാൽ നിർമ്മിതമായ ശരീരത്തിന്റെ പൂജ ചെയ്യുന്നു. ചൈതന്യത്തിന്റേയും ജഢത്തിന്റേയും പൂജ ചെയ്യുന്നു. 5 തത്വങ്ങളാൽ നിർമ്മിതമായ ശരീരത്തെ ദേവതകളേക്കാൾ ശ്രേഷ്ഠമായി കരുതുന്നു. ദേവതകളെ പൂജിക്കുന്നത് ബ്രാഹ്മണർ മാത്രമാണ്. നിങ്ങളുടെ അടുത്ത് അനേകം ഗുരുക്കന്മാരുണ്ട്. ഇത് അച്ഛനാണ് ഇരുന്ന് മനസ്സിലാക്കിത്തരുന്നത്. ദാദയും പറയുന്നു ഞാനും ഇതെല്ലാം ചെയ്തിരുന്നു. ഭിന്ന ഭിന്ന ഹഠയോഗങ്ങൾ, ചെവിയെയും മൂക്കിനെയും വളക്കുകയെല്ലാം ചെയ്യുന്നുണ്ട്. അവസാനം എല്ലാം ഉപേക്ഷിക്കേണ്ടി വന്നു. ആ ജോലി ചെയ്യണോ അതോ ഈ ജോലി ചെയ്യണോ? ക്ഷീണം തോന്നുമായിരുന്നു, വളരെ ബുദ്ധിമുട്ടിയിരുന്നു. പ്രാണായാമം പഠിക്കുന്നതിൽ വളരെ അധികം ബുദ്ധിമുട്ടുകളുണ്ട്. അരകല്പം ഭക്തി മാർഗ്ഗത്തിലായിരുന്നു, ഇപ്പോൾ മനസ്സിലാകുന്നുണ്ട്. അച്ഛൻ വളരെ കൃത്യമായാണ് പറഞ്ഞുതരുന്നത്. അവർ പറയുന്നു ഭക്തി പരമ്പരകളായി ചെയ്തുവരുന്നതാണ്. സത്യയുഗത്തിൽ ഭക്തി എവിടെ നിന്നാണ് വന്നത്. മനുഷ്യർ തീർത്തും മനസ്സിലാക്കുന്നില്ല. ബുദ്ധിശൂന്യരല്ലേ. സത്യയുഗത്തിൽ ഇങ്ങനെ പറയില്ല. അച്ഛൻ പറയുന്നു ഞാൻ ഓരോ 5000 വർഷങ്ങൾക്കുശേഷവും വരുന്നുണ്ട്. തന്റെ ജന്മങ്ങളെപ്പോലും അറിയാത്ത ആളുടെ ശരീരമാണ് ഞാൻ സ്വീകരിക്കുന്നത്. ഇവരാണ് നമ്പർ വൺ സുന്ദരനായിരുന്നത്, ഇവർ തന്നെ ഇപ്പോൾ കറുത്തുപോയി. ആത്മാവ് ഭിന്ന ഭിന്ന ശരീരങ്ങൾ ധാരണ ചെയ്യുന്നു. അതിനാൽ ബാബ പറയുകയാണ് ഏത് ശരീരത്തിലാണോ ഞാൻ പ്രവേശിക്കുന്നത്, അതിൽ ഇപ്പോൾ ഞാൻ ഇരിക്കുന്നുണ്ട്. എന്ത് പഠിപ്പിക്കാൻ? ജീവിച്ചിരിക്കെ മരിക്കാൻ. ഈ ലോകത്തിൽ നിന്ന് മരിക്കുകതന്നെ വേണ്ടേ. ഇപ്പോൾ നിങ്ങൾക്ക് പവിത്രമായിട്ട് മരിക്കണം. എന്റെ പാർട്ടുതന്നെ പാവനമാക്കി മാറ്റുക എന്നതാണ്. അല്ലയോ പതിതപാവനാ എന്നു പറഞ്ഞ് നിങ്ങൾ ഭാരതവാസികൾ വിളിക്കുന്നുണ്ട്. അല്ലയോ മുക്തിദായ

കാ, ദുഃഖത്തിന്റെ ലോകത്തിൽ നിന്നും മോചിപ്പിക്കാനായി വരൂ– എന്ന് മറ്റാരും പറയുന്നില്ല. എല്ലാവരും മുക്തിധാമത്തിലേയ്ക്ക് പോകുന്നതിനുവേണ്ടിയാണ് പരിശ്രമിക്കുന്നത്. പിന്നെ നിങ്ങൾ കുട്ടികൾ പുരുഷാർത്ഥം ചെയ്യുന്നത് സുഖധാമത്തിനുവേണ്ടിയാണ്. അത് പ്രവൃത്തീ മാർഗ്ഗത്തിലുള്ളവർക്ക് വേണ്ടിയുള്ളതാണ്. നിങ്ങൾക്ക് അറിയാം നമ്മൾ പ്രവൃത്തീ മാർഗ്ഗത്തിലുള്ളവർ പവിത്രമായിരുന്നു. പിന്നീട് അപവിത്രമായി മാറി. പ്രവൃത്തീ മാർഗ്ഗത്തിലുള്ളവരുടെ ജോലി നിവൃത്തീ മാർഗ്ഗത്തിലുള്ളവരെക്കൊണ്ട് ചെയ്യാൻ കഴിയില്ല. യജ്ഞം, തപം, ദാനം മുതലായവയെല്ലാം പ്രവൃത്തി മാർഗ്ഗത്തിലുള്ളവരാണ് ചെയ്യുന്നത്. നിങ്ങൾക്ക് ഇപ്പോൾ അനുഭവമുണ്ടാകുന്നു ഇപ്പോൾ നമുക്ക് എല്ലാവരേയും അറിയാം. ശിവബാബ നമ്മൾ എല്ലാവരേയും വീട്ടിൽ ഇരുന്ന് പഠിപ്പിക്കുകയാണ്. പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത സുഖം നൽകുന്നവരാണ്. ബാബയെ നിങ്ങൾ വളരെയധികം കാലത്തിനുശേഷം കാണുകയാണ് അതിനാൽ പ്രേമത്തിന്റെ കണ്ണുനീർ പൊഴിക്കുന്നു. ബാബാ എന്നു പറയുമ്പോൾത്തന്നെ രോമാഞ്ചം വരണം– ആഹാ! നമ്മൾ കുട്ടികളുടെ സേവനത്തിനായി ബാബ വന്നിരിക്കുന്നു. ബാബ നമ്മളെ ഈ പഠിപ്പിലൂടെ പുഷ്പമാക്കി മാറ്റി കൂടെക്കൊണ്ടുപോകുന്നു. ഈ മോശമായ അഴുക്കുനിറഞ്ഞ ലോകത്തിൽ നിന്നും രക്ഷിച്ച് നമ്മളെ കൂടെക്കൊണ്ടുപോകും. ഭക്തിമാർഗ്ഗത്തിൽ നിങ്ങളുടെ ആത്മാവ് പറയുമായിരുന്നു– ബാബാ അങ്ങ് വരുകയാണെങ്കിൽ ഞങ്ങൾ ബലിയാകും. ഞങ്ങൾ അങ്ങയുടേതായേ മാറൂ, രണ്ടാമത് ആരുമില്ല. നമ്പർവൈസ് തന്നെയാണ്. എല്ലാവർക്കും അവരവരുടേതായ പാർട്ടുണ്ട്. സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്ന ബാബയെ ചിലർ വളരെ അധികം സ്നേഹിക്കുന്നു. സത്യയുഗത്തിൽ കരയുക എന്ന വാക്കുപോലും ഉണ്ടാകില്ല. ഇവിടെയാണെങ്കിൽ എത്ര കരയുന്നു. സ്വർഗ്ഗത്തിലേക്കാണ് പോയതെങ്കിൽ പിന്നെ എന്തിനാണ് കരയുന്നത് കുറച്ചുകൂടി ആഘോഷിക്കുകയല്ലേ വേണ്ടത്. അവിടെ ആഘോഷിക്കാറുണ്ട്. തമോപ്രധാനമായ ശരീരം സന്തോഷത്തോടെ ഉപേക്ഷിക്കുന്നു. ഈ ആചാരവും ഇവിടെ നിന്നാണ് ആരംഭിച്ചത്. ഇവിടെ നിങ്ങൾ പറയും നമുക്ക് നമ്മുടെ വീട്ടിലേയ്ക്ക് പോകണം. അവിടെ മനസ്സിലാക്കുന്നു പുനർജന്മം എടുക്കണം. അതിനാൽ ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തന്നു. ഭ്രമരിയുടെ ഉദാഹരണവും നിങ്ങളെക്കുറിച്ചുള്ളതാണ്. നിങ്ങൾ ബ്രാഹ്മണികളാണ്, വിഷം നിറഞ്ഞ കീടങ്ങളിലേയ്ക്ക് നിങ്ങൾ ഭും ഭും ചെയ്യുന്നു. ബാബ പറയുന്നു നിങ്ങൾക്ക് ഈ ശരീരത്തേയും ഉപേക്ഷിക്കണം. ജീവിച്ചിരിക്കെ മരിക്കണം. അച്ഛൻ പറയുന്നു സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ, ഇപ്പോൾ നമുക്ക് തിരിച്ചുപോകണം. സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കണം. ദേഹത്തെ മറക്കൂ. ബാബ വളരെ മധുരമാണ്. പറയുന്നു ഞാൻ നിങ്ങൾ കുട്ടികളെ വിശ്വത്തിന്റെ അധികാരിയാക്കാൻ വന്നതാണ്. ഇപ്പോൾ ശാന്തിധാമത്തേയും സുഖധാമത്തേയും ഓർമ്മിക്കൂ. അല്ലാഹുവും സമ്പത്തും. ഇത് ദുഃഖധാമമാണ്. ശാന്തിധാമം നമ്മൾ ആത്മാക്കളുടെ വീടാണ്. നമ്മൾ പാർട്ട് അഭിനയിച്ചു, ഇപ്പോൾ നമുക്ക് വീട്ടിലേയ്ക്ക് പോകണം. അവിടെ ഈ മോശമായ ശരീരം ഉണ്ടാകില്ല. ഇപ്പോൾ ഇത് തീർത്തും ജീർണ്ണിച്ച അവസ്ഥയിലുള്ള ശരീരമാണ്. ഇപ്പോൾ നമുക്ക് അച്ഛൻ സന്മുഖത്ത് ഇരുന്ന് സൂചനയിലൂടെ പഠിപ്പിച്ചുതരുകയാണ്. ഞാനും ആത്മാവാണ് നിങ്ങളും ആത്മാക്കളാണ്. ഞാൻ ശരീരത്തിൽ നിന്നും വേറിട്ട് നിങ്ങളേയും അതുതന്നെയാണ് പഠിപ്പിക്കുന്നത്. നിങ്ങളും സ്വയം ശരീരത്തിൽ നിന്നും വേറിട്ടതാണ് എന്ന് മനസ്സിലാക്കൂ. ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം. ഇപ്പോൾ ഇവിടെ നിൽക്കേണ്ടതില്ല. ഇതും അറിയാം ഇപ്പോൾ വിനാശമുണ്ടാകണം. ഭാരതത്തിൽ രക്തപ്പുഴ ഒഴുകും. പിന്നീട് ഭാരതത്തിൽത്തന്നെ പാൽപ്പുഴ ഒഴുകും. ഇവിടെ എല്ലാ ധർമ്മത്തിലുള്ളവരും ഒരുമിച്ചുണ്ട്. എല്ലാവരും പരസ്പരം വഴക്കടിക്കുന്നു. ഇത് അവസാന സമയത്തെ മരണമാണ്. പാക്കിസ്ഥാനിൽ എന്തെല്ലാം സംഭവിച്ചിരുന്നു. ഭീകരമായ ദൃശ്യങ്ങളായിരുന്നു. ആരെങ്കിലും കാണുകയാണെങ്കിൽ ബോധം കെട്ടുപോകും. ഇപ്പോൾ ബാബ നിങ്ങളെ ശക്തിശാലിയാക്കുകയാണ്. ശരീരത്തിന്റെ ബോധത്തെപ്പോലും എടുത്തുകളയണം.

ബാബ കണ്ടു, കുട്ടികൾ ഓർമ്മയിൽ ഇരിക്കുന്നില്ല, വളരെ ബലഹീനമാണ് അതിനാൽ സേവനത്തിലും വൃദ്ധിയുണ്ടാകുന്നില്ല. ഓരോ മിനിറ്റിനും എഴുതുന്നു– ബാബാ, ഓർമ്മിക്കാൻ മറന്നുപോകുന്നു, ബുദ്ധി നിൽക്കുന്നില്ല. ബാബ പറയുന്നു യോഗം എന്ന പദത്തെ ഉപേക്ഷിക്കൂ. വിശ്വത്തിന്റെ ചക്രവർത്തീപദം നൽകുന്ന അച്ഛനെ നിങ്ങൾ മറന്നുപോകുമോ! മുമ്പ് ഭക്തിയിൽ ബുദ്ധി എവിടെയെങ്കിലും പോയാൽ നിങ്ങൾ നിങ്ങളെത്തന്നെ നുള്ളുമായിരുന്നു. ബാബ പറയുന്നു നിങ്ങൾ ആത്മാക്കൾ അവിനാശിയാണ്. നിങ്ങൾ പാവനവും പതിതവുമായി മാറുന്നു അത്രയേയുള്ളൂ. അല്ലാതെ ആത്മാവ് വലുതോ ചെറുതോ ആകുന്നില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യസാരം –**

1. സ്വയം തന്നോടുതന്നെ സംസാരിക്കൂ– ആഹാ! ബാബ നമ്മുടെ സേവനം ചെയ്യാനായി വന്നിരിക്കുന്നു. ബാബ നമ്മളെ വീട്ടിൽ ഇരുന്ന് പഠിപ്പിക്കുകയാണ്! പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത സുഖം നൽകുന്നവരാണ്, ബാബയെ നമ്മൾ ഇപ്പോഴാണ് കണ്ടുമുട്ടുന്നത്. ഇത്രയും സ്നേഹത്തോടെ ബാബാ എന്ന് വിളിക്കണം വിളിച്ച ഉടനേ സന്തോഷത്താൽ പ്രേമത്തിന്റെ കണ്ണുനീർ വരണം. രോമാഞ്ചമുണ്ടാകണം.

2. ഇപ്പോൾ തിരിച്ച് വീട്ടിലേക്ക് പോകണം അതിനാൽ എല്ലാത്തിൽ നിന്നും മമത്വത്തെ ഇല്ലാതാക്കി ജീവിച്ചിരിക്കെ മരിക്കണം. ഈ ദേഹത്തേയും മറക്കണം. ഇതിൽ നിന്നും വേറിടുന്നതിനുള്ള അഭ്യാസം ചെയ്യണം.

## വരദാനം – കഴിഞ്ഞു പോയ കാര്യങ്ങളെയും വൃത്തികളെയും സമാപ്തമാക്കി, സമ്പൂർണ്ണ സഫലത പ്രാപ്തമാക്കുന്ന, സ്വച്ഛ ആത്മാവായി ഭവിയ്ക്കട്ടെ.

സേവനത്തിൽ സ്വച്ഛമായ ബുദ്ധി, സ്വച്ഛ വൃത്തി, സ്വച്ഛമായ കർമ്മവുമാണ് സഫലതയുടെ ആധാരം. ഏതെങ്കിലും സേവനത്തിന്റെ കാര്യം ആരംഭിക്കുമ്പോൾ ആദ്യം പരിശോധിക്കൂ, ബുദ്ധിയിൽ ഏതെങ്കിലും ആത്മാവിനെക്കുറിച്ചുള്ള കഴിഞ്ഞുപോയ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ലല്ലോ. അതേ ദൃഷ്ടിയോടെ വൃത്തിയോടെ അവരെ നോക്കുക, അവരോട് സംസാരിക്കുക... ഇതിലൂടെ സമ്പൂർണ്ണ സഫലത ഉണ്ടാകില്ല. അതിനാൽ കഴിഞ്ഞു പോയ കാര്യങ്ങളെ അഥവാ വൃത്തികളെ സമാപ്തമാക്കി സ്വച്ഛമായ ആത്മാവായി മാറൂ, അപ്പോൾ മാതരമേ സമ്പൂർണ്ണ സഫലത പ്രാപ്തമാക്കാൻ സാധിക്കൂ.

## സ്ലോഗൻ – ആരാണോ സ്വപരിവർത്തനം ചെയ്യുന്നത് – വിജയ മാലയും അവരുടെ കഴുത്തിൽ തന്നെയാണ് വീഴുന്നത്.